കേരള സർക്കാർ

# കേരള പൊതുവിപണി വില അവലോകനം

# ഫെബ്രുവരി 2021



## പ്രൈസസ് വിഭാഗം


### സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ്

**(DEPARTMENT OF ECONOMICS AND STATISTICS)**

തിരുവനന്തപുരം

കേരള സർക്കാർ

**പിണറായി വിജയൻ**

മുഖ്യമന്ത്രി

നം.1360/പ്രസ്/സി.എം.ഒ/2017. നവംബർ 24, 2017

## സന്ദേശം

സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് 'കേരള പൊതു വിപണി' എന്ന പേരിൽ 2017 നവംബർ മുതൽ ഒരു മാഗസിൻ പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ സന്തോഷം. തൊട്ടു മുൻ മാസത്തെ വിപണി വിലയെ അവലോകനം ചെയ്തുകൊണ്ടുള്ള ഈ പ്രസിദ്ധീകരണത്തിന് എല്ലാ ഭാവുകങ്ങളും നേരുന്നു.

പിണറായി വിജയൻ

The Director General
Economic & Statistics Department
Vikas Bhavan, Thiruvananthapuram

141, മൂന്നാം നില, നോർത്ത് ബ്ലോക്ക്, ഗവണ്മെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം പിൻ 695 001
ഫോ 0471 2333241, 2333812, 2333610 ഫാ 0471 2333489 ഇ chiefminister@kerala.gov.in
facebook.com/cmokerala twitter.com/cmokerala
വസതി ക്ലിഫ് ഹൗസ് ഫോ 0471 2318406, 2314853
www.keralacm.gov.in

# അവതാരിക

സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് സംസ്ഥാനത്തെ സ്ഥിതിവിവര കണക്കുകൾ ശേഖരിക്കുന്നതിനും റിപ്പോർട്ട് ചെയ്യുന്നതിനുമുള്ള ഔദ്യോഗിക ഏജൻസിയാണ്. വകുപ്പിലെ പ്രധാനപ്പെട്ട ഒരു വിഭാഗമാണ് പ്രൈസസ് വിഭാഗം വിലശേഖരണവും അതിന്റെ അപഗ്രഥനവും റിപ്പോർട്ടിങ്ങും ഈ വിഭാഗത്തിന്റെ ചുമതലയാണ് . വിവിധ ഇനം വിലകൾ ഈ വകുപ്പ് ശേഖരിച്ച് റിപ്പോർട്ട് ചെയ്യുന്നു. കാർഷിക വിളകളുടെ കൃഷിയിടത്തെ മൊത്ത , ചില്ലറ വിലകൾ, കമ്പോള മൊത്ത, ചില്ലറ വിലകൾ എന്നിവ ഇതിൽ പ്രധാനപ്പെട്ടവയാണ്. ഈ വില വിവരങ്ങൾ ഉപയോഗിച്ചു സംസ്ഥാനത്തെ സാധനങ്ങളുടെ വിലനിലവാരം അവലോകനം ചെയ്യുന്നതോടൊപ്പം, വിവിധ സൂചികകൾ തയ്യാറാക്കുകയും ചെയ്യുന്നു. (ഉപഭോക്തൃ വിലസൂചിക, കാർഷിക ഉൽപ്പന്നങ്ങളുടെ മൊത്ത വില സൂചിക, കർഷകരുടെ തുല്യതാ സൂചിക,)

സംസ്ഥാനത്തെ അവശ്യ സാധനങ്ങളുടെ വിലനിലവാരം മോണിററർ ചെയ്യുക എന്ന ഉദ്ദേശത്തോടെ ഈ വിഭാഗം 50 ഇനം അവശ്യ സാധനങ്ങളുടെ ചില്ലറ വിലകൾ ദിനംപ്രതി എല്ലാ ജില്ലാ ആസ്ഥാനങ്ങളിൽ നിന്നും ഏററവും കൂടുതൽ കച്ചവടം നടക്കുന്ന മാർക്കററിലെ, ഏററവും കൂടുതൽ കച്ചവടം നടക്കുന്ന കടകളിൽ നിന്നും ജില്ലകളിലെ വിലശേഖരണ ഉദ്യോഗസ്ഥർ മുഖേന ശേഖരിച്ച് വകുപ്പിലെ കമ്പ്യൂട്ടർ വിഭാഗം തയ്യാറാക്കിയ Online Software ലൂടെ വകുപ്പ് ആസ്ഥാനത്തു വച്ച് റിപ്പോർട്ട് തയ്യാറാക്കി വൈകുന്നേരത്തോടുകൂടി സർക്കാരിലേക്കും സിവിൽ സപ്ലൈസ് ,റിസർവ് ബാങ്ക് , കൺസ്യൂമർഫെഡ്, മററ് ഏജൻസികൾ എന്നിവർക്കും അയച്ചുകൊടുക്കുന്നു.

കേരളത്തിൽ പൊതുവിപണിയിൽ വിൽപ്പനക്കായി വരുന്ന സാധനങ്ങളിൽ ഭൂരിഭാഗവും ഇതര സംസ്ഥാനങ്ങളിൽ നിന്നും വരുന്നവയാണ് ആയതിനാൽ വില നിയന്ത്രണത്തിൽ പലപ്പോഴും സംസ്ഥാനത്തിന് നിയന്ത്രിക്കാനാവാത്ത പല ഘടകങ്ങളും ഉണ്ടാവുന്നു.കാലാവസ്ഥാ വ്യതിയാനം ,സമരങ്ങൾ, ഇന്ധന വില വർദ്ധനവ് ,സംസ്ഥാനാന്തര ബന്ധങ്ങൾ ഇതര സംസ്ഥാനങ്ങളിലെ വിപണി ചാഞ്ചാട്ടങ്ങൾ ഇങ്ങനെ നിരവധി ഘടകങ്ങൾ കേരളത്തിലെ വിപണി വിലയെ സ്വാധിനിക്കുന്നു ഇക്കാരണങ്ങളാൽ വിപണി വിലയെ നിയന്ത്രിച്ചു നിർത്തുക എന്നുള്ളത് കേരളത്തിലെ ഏതൊരു സർക്കാരിനെയും സംബന്ധിച്ചിടത്തോളം വളരെ ശ്രമകരമായ ഒരു ജോലിയായി മാറുന്നു .ഈ സാഹചര്യത്തിൽ വിപണിയിൽ ഇടപെടുന്നതിനുവേണ്ടി ആവശ്യമായി വരുന്ന വിലനിലവാരം ശേഖരിച്ചു അവലോകനം നടത്തി സർക്കാരിന് നൽകുന്ന ഒരു ഉദ്യമമാണ് ഈ പ്രസിദ്ധികരണത്തിലൂടെ ലക്ഷ്യമിടുന്നത്.

വകുപ്പ് 'പ്രൈസ് ബുള്ളററിൻ' എന്ന പേരിൽ ഇംഗ്ലീഷിൽ പ്രസിദ്ധീകരണം എല്ലാ മാസവും പ്രസിദ്ധീകരിച്ചു വരുന്നു. ഔദ്യോഗിക ഭാഷ പൂർണ്ണമായും മാതൃഭാഷയിലേക്ക് മാറ്റുന്നതിനുള്ള ശ്രമത്തിന്റെ ഭാഗമായി ഈ വകുപ്പ് ഏറെറടുത്ത ഒരു ഉദ്യമമാണ് **'കേരള പൊതുവിപണി വില അവലോകനം'** എന്ന പ്രസിദ്ധീകരണം. പ്രൈസ് ബുള്ളററിനിൽ നിന്നും കാലികമായ മാററങ്ങൾ ഉൾക്കൊണ്ട് കൂടുതൽ പ്രാധാന്യമുള്ള ഇനങ്ങൾ ഉൾപ്പെടുത്തി ''കേരള പൊതുവിപണി വില അവലോകനം'' എന്ന പ്രസിദ്ധീകരണം 2017 നവംബർ മുതൽ വകുപ്പ് പുറത്തിറക്കുന്നു. ദിവസേന വില ശേഖരിക്കുന്ന 50 ഇനം അവശ്യ സാധനങ്ങൾ, അധിക ഇനങ്ങൾ, ആഴ്ചതോറും ശേഖരിക്കുന്ന 20 ഇനങ്ങൾ, പഴ വർഗ്ഗങ്ങൾ എന്നിവയിൽ നിന്നും പ്രാധാന്യമുള്ള ഇനങ്ങൾ തെരഞ്ഞെടുത്ത് അവയുടെ സംസ്ഥാന ശരാശരി വിലയാണ് പ്രസിദ്ധീകരണത്തിനായി ഉപയോഗിച്ചിരിക്കുന്നത്.

സംസ്ഥാനത്തെ എല്ലാ ജില്ല വിപണികളിൽ നിന്നും, മൊത്ത, ചില്ലറ കച്ചവടക്കാരിൽ നിന്നും,, വിവിധ കേന്ദ്ര സംസ്ഥാന സർക്കാർ റിപ്പോർട്ടുകളിൽ നിന്നും വകുപ്പിന്റെ ഇൻവെസ്റ്റിഗേററർമാരിൽ നിന്നും ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിലാണു ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്.

ജില്ലകളിലെ പ്രൈസ് റിപ്പോർട്ടർമാരും ഇതുമായി ബന്ധപ്പെട്ട മററ് ഉദ്യോഗസ്ഥരും അവരുടെ കർത്തവ്യ നിർവഹണത്തിൽ അഭിനന്ദനം അർഹിക്കുന്നു.

വകുപ്പിലെ പ്രൈസസ് വിഭാഗം തയ്യാറാക്കിയ ഈ പ്രസിദ്ധീകരണത്തെക്കുറിച്ചുള്ള അഭിപ്രായങ്ങൾ സ്വാഗതം ചെയ്യുന്നു.

(ഒപ്പ്)

തിരുവനന്തപുരം **പി.വി .ബാബു**

**19-03-2021** **ഡയറക്ടർ**

## ആമുഖം

പൊതുവെ വിപണിയിൽ പച്ചക്കറി ഒഴികെയുള്ള ഇനങ്ങളുടെ വിലയിൽ കാര്യമായ വർദ്ധനവില്ലാതെയാണ് ഫെബ്രുവരി മാസം കടന്നുപോയത് .അരിയുടെ വില നേരിയ വിലക്കുറവോടെ കാര്യമായ മാറ്റമില്ലാതെ നിലകൊണ്ടു . പയർ-പരിപ്പ് വർഗ്ഗങ്ങളിൽ നേരിയ വർദ്ധനവോടെ നിലകൊണ്ടു.ഭക്ഷ്യ എണ്ണകളുടെ വിലയിൽ ഉണ്ടായ ക്രമാതീതമായ വർദ്ധനവ് ഫെബ്രുവരിയിലും നേരിയ തോതിൽ തുടർന്നു . പച്ചക്കറി ഇനങ്ങളിൽ സവാള ,ഉള്ളി ഉൾപ്പെടെയുള്ള ചില ഇനങ്ങളുടെ വിലയിൽ അവലോകനമാസത്തിൽ വർദ്ധനവ് ദൃശ്യമായി സവാളയുടെ വില ഏതാണ്ട് 55 രൂപയും ഉള്ളിയുടെ വില ഏതാണ്ട് 125 രൂപയോളവും എത്തി. എന്നാൽ മാർച്ചിൽ റാബി സീസണിലെ വിളവ് വിപണിയിൽ എത്തുന്നതോടെ വിലയിൽ കാര്യമായ കുറവുണ്ടാവുമെന്നാണ് പ്രതീക്ഷിക്കുന്നത്.

കേന്ദ്ര കാർഷിക മന്ത്രാലയം പുറത്തിറക്കിയ ഭക്ഷ്യവിളകളുടെ രണ്ടാമത്തെ അഡ്വാൻസ് എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം നെല്ല്, ഗോതമ്പ് എന്നിവയുടെ ഉത്പാദനത്തിൽ റെക്കോർഡ് ഉത്പാദനം ഉണ്ടാവുമെന്ന് പ്രതീക്ഷിക്കുന്നു. അമേരിക്കൻ കാർഷിക മന്ത്രാലയത്തിന്റെ ഏറ്റവും ഒടുവിലത്തെ റിപ്പോർട്ടിലും ഇന്ത്യയിൽ റെക്കോർഡ് നെല്ല് ഉത്പാദനം നടക്കുമെന്നാണ് പ്രവചിക്കുന്നത്. അനുകൂലമായ കാലാവസ്ഥയും ഉത്പാദന ക്ഷമതയുമാണ് ഉത്പാദനത്തിലുള്ള വർദ്ധനവിന് കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നത്. 2019-20 ൽ 118.87 മില്യൺ ടണ്ണായിരുന്ന നെല്ല് ഉത്പാദനം 120.32 മില്യൺ ടണ്ണായി വർദ്ധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. മൊത്തം പയർ വർഗ്ഗങ്ങളുടെ ഉത്പാദനത്തിലും കഴിഞ്ഞ വർഷത്തേക്കാൾ വർദ്ധനവ് പ്രതീക്ഷിക്കുന്നു. 2019-20 ൽ 23.03 മില്യൺ ടണ്ണായിരുന്ന ഉത്പാദനം 24.42 മില്യൺ ടൺ ആവുമെന്ന് പ്രതീക്ഷിക്കുന്നു. ഭക്ഷ്യ എണ്ണകളും ഉത്പാദനത്തിലും 2020-21 റെക്കോർഡ് ഉത്പാദനം പ്രതീക്ഷിക്കുന്നു. നിലവിൽ വില വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഭക്ഷ്യ എണ്ണകളുടെ വിലയിൽ ഇത് ആശ്വാസമാവുമെന്ന് പ്രതീക്ഷിക്കുന്നു.

പ്രധാന ഉത്പാദക സംസ്ഥാനങ്ങളിൽ തെക്ക് പടിഞ്ഞാറൻ കാലവർഷത്തിൽ ലഭിച്ച നല്ല തോതിലുള്ള മഴയാണ് ഉത്പാദനത്തിലുള്ള വർദ്ധനവിന് കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നത്.

കേരളത്തിൽ ഒക്ടോബർ 1 മുതൽ ഡിസംബർ വരെയുള്ള വടക്ക്-കിഴക്കൻ മൺസൂൺ സീസണിൽ 23 ശതമാനം മഴക്കുറവുണ്ടായെങ്കിലും ജനുവരി 1 മുതൽ ഫെബ്രുവരി 28 വരെയുള്ള വിന്റർ സീസണിൽ സാധാരണ ലഭിക്കുന്നതിലും 409 ശതമാനം അധിക മഴ ലഭിച്ചു.114.1 മില്ലിമീറ്റർ മഴ ഈ സീസണിൽ ലഭിച്ചു. അതേസമയം തെക്കൻ സംസ്ഥാനങ്ങളിൽ ഒഴികെ മറ്റിടങ്ങളിൽ ഈ സീസണിൽ കാര്യമായ മഴക്കുറവുണ്ടായി ,തെക്കൻ സംസ്ഥാങ്ങളിൽ 275 ശതമാനം അധിക മഴ ലഭിച്ചു. നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന കടുത്ത ചൂടിന് ശമനമുണ്ടാക്കിക്കൊണ്ട് മാർച്ച് മധ്യത്തോടെ വേനൽ മഴ ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

2020-21 റാബി സീസണിലെ കാർഷിക വിസ്തൃതിയിൽ കഴിഞ്ഞ വർഷത്തേക്കാൾ 5 ശതമാനത്തിന്റെ വർദ്ധനവ് കാണിക്കുന്നു.

ഇന്ത്യയുടെ അരി കയറ്റമതിയിൽ ജനുവരിയിലെ കണക്ക് പ്രകാരം കഴിഞ്ഞ വർഷം ഇതേ കാലയളവിനേക്കാൾ ഏതാണ്ട് 30 ശതമാനം വർദ്ധനവ് കാണിക്കുന്നു ,വരും മാസങ്ങളിലും കയറ്റമതിയിൽ കാര്യമായ വർദ്ധനവ് ഉണ്ടാവുമെന്നാണ് പ്രതീക്ഷിക്കുന്നത് . പ്രത്യേകിച്ച് ബംഗ്ലാദേശ് ഉൾപ്പെടെയുള്ള രാജ്യങ്ങളിൽ നെല്ല് ഉത്പാദനത്തിൽ കുറവുണ്ടായിരിക്കുന്ന സാഹചര്യത്തിൽ. ഏഷ്യൻ ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നും ഇന്ത്യൻ അരിക്കുള്ള ഡിമാന്റ് വർദ്ധിക്കുകയാണെന്നാണ് നിലവിൽ ലഭിക്കുന്ന റിപ്പോർട്ട് അതെ സമയം തന്നെ പയർ വർഗ്ഗങ്ങളുടെ ഇറക്കമതിയിൽ കഴിഞ്ഞ വർഷത്തേക്കാൾ 101.51 ശതമാനത്തിന്റെ വർദ്ധനവ് കാണിക്കുന്നു.

കാർഷിക രംഗത്തുനിന്നുള്ള ശുഭവാർത്തകൾക്കിടയിലും ദിനംപ്രതി വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഇന്ധന വില വർദ്ധന കേരളം പോലുള്ള ഉപഭോക്തൃ സംസ്ഥാനങ്ങളിൽ വിലക്കയറ്റ സാദ്ധ്യത നില നിൽക്കുകയാണ്.

കാർഷിക വിളകളുടെ റാബി സീസണിലെ ഉത്പന്നങ്ങൾ വിപണിയിൽ കൂടുതലായി എത്തുന്നതിനാൽ മാർച്ച്,ഏപ്രിൽ മാസങ്ങളിൽ കാര്യമായ വിലക്കയറ്റമില്ലാതെ മുന്നോട്ട് പോവുമെന്നാണ് പ്രതീക്ഷിക്കുന്നത് .

## I. ധാന്യങ്ങൾ

അരിയുടെ വിലയിൽ അവലോകനമാസമായ ഫെബ്രുവരിയിലും കാര്യമായ മാറ്റമില്ലാതെ നേരിയ കുറവോടെ നിലകൊണ്ടു .2021-22 മാർക്കറ്റിംഗ് സീസണിലെ അരിയുടെ ഉത്പാദനവും സംഭരണവും റെക്കോർഡ് നിലയിലേക്ക് പുരോഗമിക്കുകയാണ് .എഫ് സി ഐ യുടെ ഏറ്റവും ഒടുവിലത്തെ കണക്ക് പ്രകാരം ഇതുവരെ 450.20 ലക്ഷം മെട്രിക് ടൺ അരി സംഭരിച്ചിട്ടുണ്ട്. എഫ് സി ഐ യുടെ നിലവിലുള്ള സ്റ്റോക്ക് നിലയും വിപണിയിലെ നിലവിലുള്ള അവസ്ഥയും പരിഗണിക്കുമ്പോൾ വരും മാസങ്ങളിലും കാര്യമായ മാറ്റം പ്രതീക്ഷിക്കുന്നില്ല. ഗോതമ്പിന്റെ വിലയിലും അവലോകനമാസത്തിൽ നേരിയ കുറവുണ്ടായി

അരിയുടെ ഉത്പാദനത്തിൽ എന്ന പോലെ തന്നെ ഗോതമ്പിന്റെ ഉത്പാദനത്തിലും വർദ്ധനവ് പ്രതീക്ഷിക്കുന്നു. 2019-20 ൽ 107.86 മില്യൺ മെട്രിക് ടൺ ആയിരുന്ന ഗോതമ്പിന്റെ ഉത്പാദനം 2020-21 ൽ 109.24 ടണ്ണായി വർദ്ധിക്കുമെന്ന പ്രതീക്ഷിക്കുന്നു

| നം | ഇനങ്ങൾ | അളവ് | ഫെബ്രുവരി 2020 | ജനുവരി 2021 | ഫെബ്രുവരി 2021 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | ധാന്യങ്ങൾ | | | | | | |
| 1 | അരി(ചുവപ്പ്) മട്ട | കിലോഗ്രാം | 40.79 | 36.86 | 36.80 | -0.16 | -9.78 |
| 2 | ചമ്പ | കിലോഗ്രാം | 39.50 | 40.00 | 40.00 | 0.00 | 1.27 |
| 3 | റോസ് | കിലോഗ്രാം | 41.93 | 39.26 | 39.22 | -0.10 | -6.46 |
| 4 | ആന്ധ്ര വെള്ള | കിലോഗ്രാം | 37.31 | 35.78 | 35.88 | 0.28 | -3.83 |
| 5 | ജയ | കിലോഗ്രാം | 38.18 | 37.67 | 37.63 | -0.11 | -1.44 |
| 6 | ഗോതമ്പ് | കിലോഗ്രാം | 36.60 | 35.25 | 35.15 | -0.28 | -3.96 |



## II.പയർ വർഗ്ഗങ്ങൾ

പയർവർഗ്ഗങ്ങളുടെ വിലയിൽ കഴിഞ്ഞ മാസങ്ങളിൽ ഉണ്ടായ വർദ്ധനവിന് നേരിയ കുറവുണ്ടായിട്ടുണ്ട് അവലോകനമാസത്തിൽ നേരിയ ഏറ്റക്കുറച്ചിലുകളോടെ വില ഏതാണ്ട് സ്ഥിരമായി നിൽക്കുകയാണ്., ഉഴുന്ന് പരിപ്പ്,ഉവരപ്പരിപ്പ് എന്നിവയുടെ വിലയിൽ നേരിയ വർദ്ധനവ് ഇപ്പോഴും തുടരുന്നുണ്ട്.കേന്ദ്ര കാർഷിക മന്ത്രാലയത്തിന്റെ രണ്ടാമത്തെ അഡ്വാൻസ് എസ്റ്റിമേറ്റ് പ്രകാരം ഉവരയുടെ ഉത്പാദനത്തിൽ കഴിഞ്ഞ വർഷത്തേക്കാൾ നേരിയ കുറവ് കാണിക്കുന്നു. അതെ സമയം ഉഴുന്നിന്റെ ഉത്പാദനത്തിൽ നേരിയ വർദ്ധനവ് പ്രതീക്ഷിക്കുന്നു. ചെറുപയറിന്റെ ഉത്പാദനത്തിൽ 0.11 മില്യൺ ടണ്ണിന്റെ വർദ്ധനവ് പ്രതീക്ഷിക്കുന്നു. നിലവിൽ വിലക്കുറവ് അനുഭവപ്പെടുന്ന കടലയുടെ ഉത്പാദനത്തിൽ റെക്കോർഡ് ഉത്പാദനമാണ് 2020-21 വർഷത്തിൽ പ്രതീക്ഷിക്കുന്നത്. നിലവിലെ സാഹചര്യം വിലയിരുത്തുമ്പോൾ ഉഴുന്ന് പരിപ്പിന്റെയും,ഉവരപ്പരിപ്പിന്റെയും വിലയിൽ കാര്യമായ ഒരു വിലക്കുറവ് പ്രതീക്ഷിക്കുന്നില്ല.

.

| നം | ഇനങ്ങൾ | അളവ് | ഫെബ്രുവരി 2020 | ജനുവരി 2021 | ഫെബ്രുവരി 2021 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | പയർ വർഗ്ഗങ്ങൾ | | | | | | |
| 1 | ചെറുപയർ | കിലോഗ്രാം | 105.91 | 112.88 | 113.89 | 0.89 | 7.53 |
| 2 | ചെറുപയർ പരിപ്പ് | കിലോഗ്രാം | 113.29 | 118.36 | 119.30 | 0.79 | 5.30 |
| 3 | ഉഴുന്നു പരിപ്പ് | കിലോഗ്രാം | 125.85 | 124.56 | 125.05 | 0.39 | -0.64 |
| 4 | ഉഴുന്നു (തോടില്ലാതെ) | കിലോഗ്രാം | 119.59 | 122.51 | 122.98 | 0.38 | 2.83 |
| 5 | വൻപയർ | കിലോഗ്രാം | 77.25 | 78.69 | 81.55 | 3.63 | 5.57 |
| 6 | തുവരപരിപ്പ് | കിലോഗ്രാം | 98.25 | 111.10 | 112.11 | 0.91 | 14.11 |
| 7 | കടല(വലുത്) | കിലോഗ്രാം | 78.45 | 81.83 | 80.63 | -1.47 | 2.78 |
| 8 | കടല(ചെറുത്) | കിലോഗ്രാം | 71.53 | 71.06 | 70.20 | -1.21 | -1.86 |
| 9 | പീസ് പരിപ്പ് | കിലോഗ്രാം | 76.29 | 86.18 | 85.89 | -0.34 | 12.58 |
| 10 | മസൂർ പരിപ്പ് | കിലോഗ്രാം | 74.52 | 86.52 | 86.52 | 0.00 | 16.10 |



## III . മററ് ഭക്ഷ്യ വസ്തുക്കൾ

അവലോകനമാസമായ ഫെബ്രുവരിയിൽ ഈ ഇനങ്ങളുടെ വിലയിൽ നേരിയ ഏറ്റക്കുറച്ചിലുകളോടെ നിലകൊണ്ടു .പഞ്ചസാരയുടെ വിലയിൽ നേരിയ കുറവുണ്ടായി മാർച്ചിലും കാര്യമായ വില വ്യത്യാസം പ്രതീക്ഷിക്കുന്നില്ല,ശർക്കരയുടെ വിലയിലും കുറവുണ്ടായി

കോഴിമുട്ടയുടെ വിലയിൽ മാസം മദ്ധ്യത്തിൽ വർദ്ധനവുണ്ടായെങ്കിലും മാസാവസാനത്തോടെ വില കുറയുവാനുള്ള പ്രവണത പ്രകടമായിരുന്നു. അഖിലേന്ത്യാ തലത്തിലും മുട്ടയുടെ വിലയിൽ ഏതാണ്ട് ഇതേ പ്രവണത തന്നെ ആയിരുന്നു നില നിന്നിരുന്നത് തമിഴ്നാട്ടിൽ നാമക്കലിൽ മാസം തുടക്കത്തിൽ 100 മുട്ടയുടെ വില 390 രൂപ ആയിരുന്നത് മാസം മാദ്ധ്യത്തോടെ ഏതാണ്ട് 450 രൂപ വരെ എത്തിയെങ്കിലും പിന്നീട് കുറവുണ്ടായി .മാർച്ചിലും കാര്യമായ വർദ്ധനവിന് സാധ്യത ഇല്ലെന്നാണ് വിപണിയിൽ നിന്നും ലഭിക്കുന്ന സൂചന.

ഇറച്ചിക്കോഴിയുടെ വിലയിൽ മാസാവസാനം വർദ്ധനവിനുള്ള ഒരു പ്രവണത നിലനിൽക്കുന്നുണ്ട് . തേയിലയുടെ വിലയിൽ കഴിഞ്ഞ ഏതാനും മാസങ്ങളായി കണ്ടുവരുന്ന വർദ്ധനവിന് മാസാവസാനം നേരിയ കുറവുണ്ടായിട്ടുണ്ട് .മാർച്ചിലും വിലയിൽ നേരിയ തോതിൽ കുറവുണ്ടാവാൻ ഇടയുണ്ടെന്നാണ് വിപണിയിൽ നിന്നും ലഭിക്കുന്ന സൂചന.

| നം | ഇനങ്ങൾ | അളവ് | ഫെബ്രുവരി 2020 | ജനുവരി 2021 | ഫെബ്രുവരി 2021 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | മററ് ഭക്ഷ്യവസ്തുക്കൾ | | | | | | |
| 1 | പഞ്ചസാര | കിലോഗ്രാം | 38.75 | 37.64 | 37.38 | -0.69 | -3.54 |
| 2 | കരുപ്പെട്ടി | കിലോഗ്രാം | 167.79 | 170.42 | 172.48 | 1.21 | 2.80 |
| 3 | ശർക്കര | കിലോഗ്രാം | 55.95 | 55.66 | 53.77 | -3.40 | -3.90 |
| 4 | കോഴിമുട്ട(വൈററ് ലഗോൺ) | ഡസൺ | 55.13 | 60.55 | 58.30 | -3.72 | 5.75 |
| 5 | ആട്ടിറച്ചി(എല്ലോട്കൂടിയത്) | കിലോഗ്രാം | 594.76 | 653.64 | 653.93 | 0.04 | 9.95 |
| 6 | കോഴി(ബ്റോയിലെർ)(ജീവനുള്ളത്) | കിലോഗ്രാം | 93.31 | 104.45 | 106.92 | 2.36 | 14.59 |
| 7 | തേയില(കണ്ണൻ ദേവൻ) | 500 ഗ്രാം | 148.29 | 152.54 | 154.25 | 1.12 | 4.02 |
| 8 | കാപ്പിപൊടി(ബ്രൂക്ക്ബോണ്ട്) | 500 ഗ്രാം | 164.00 | 163.75 | 163.94 | 0.12 | -0.04 |



## IV. എണ്ണയും എണ്ണക്കുരുക്കളും

വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഭക്ഷ്യ എണ്ണകളുടെ വിലയിൽ അവലോകനമാസത്തിലും നേരിയ തോതിൽ വർദ്ധനവ് തുടരുകയാണ് അന്താരാഷ്ട്ര വിപണിയിൽ ഭക്ഷ്യ എണ്ണകളുടെ വിലയിൽ അനുഭവപ്പെട്ടുകൊണ്ടിരിക്കുന്ന വർദ്ധനവിന്റെ പ്രതിഫലനമാണ് കേരളത്തിലും അനുഭവപ്പെടുന്നത്.മറ്റ് ഭക്ഷ്യ എണ്ണകളും വിലയിൽ അനുഭപ്പെട്ട വർദ്ധനവ് വെളിച്ചെണ്ണയുടെ വിലയിലും പ്രകടമാണ്.

ഇന്തോനേഷ്യ,മലേഷ്യ എന്നിവിടങ്ങളിൽ ഉണ്ടായ കനത്ത മഴയും, ലോക്ക്ഡൗൺ കാരണം തൊഴിലാളികളുടെ ലഭ്യതക്കുറവും പാംഓയിലിന്റെ ഉത്പാദനത്തിൽ കാര്യമായ കുറവുണ്ടാക്കിയിട്ടുണ്ടെന്നാണ് ലഭിക്കുന്ന റിപ്പോർട്ട്.

കേന്ദ്ര കാർഷിക മന്ത്രാലയത്തിന്റെ രണ്ടാമത്തെ അഡ്വാൻസ് എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം ഭക്ഷ്യ എണ്ണകളും ഉത്പാദനത്തിൽ സർവകാല റെക്കോർഡ് പ്രതീക്ഷിക്കുന്നു.എങ്കിലും ഇന്ത്യയിലെ ഭക്ഷ്യ എണ്ണകളും ഉത്പാദനവും ഉപഭോഗവും തമ്മിലുള്ള അന്തരം വളരെ വലുതാണ്, അതുകൊണ്ടുതന്നെ അന്താരാഷ്ട്ര വിപണിയിലെ വില ഇന്ത്യൻ വിപണിയെയും കാര്യമായും ബാധിക്കും.

അന്താരാഷ്ട്ര കോക്കനട്ട് കമ്മ്യൂണിറ്റിയുടെ ഫെബ്രുവരിയിലെ റിപ്പോർട്ട് പ്രകാരം പ്രധാനപ്പെട്ട ഉത്പാദക രാജ്യങ്ങളിൽ എല്ലാം തന്നെ തേങ്ങയുടെയും ,വെളിച്ചെണ്ണയുടെയും കൊപ്രയുടെയും വിലയിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

.

| നം | ഇനങ്ങൾ | അളവ് | ഫെബ്രുവരി 2020 | ജനുവരി 2021 | ഫെബ്രുവരി 2021 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | എണ്ണയും എണ്ണക്കുരുക്കളും | | | | | | |
| 1 | വെളിച്ചെണ്ണ(ലൂസ്) | കിലോഗ്രാം | 189.41 | 223.80 | 225.50 | 0.76 | 19.05 |
| 2 | കടല എണ്ണ(ലൂസ്) | ലിററർ | 155.50 | 174.00 | 176.40 | 1.38 | 13.44 |
| 3 | റിഫൈൻഡ് ഓയിൽ | ലിററർ | 107.08 | 134.90 | 139.50 | 3.41 | 30.28 |
| 4 | നല്ലെണ്ണ | ലിററർ | 205.11 | 188.97 | 188.73 | -0.13 | -7.99 |
| 5 | കടുക് എണ്ണ | ലിററർ | 140.50 | 151.00 | 154.69 | 2.44 | 10.10 |
| 6 | വനസ്പതി(ഡാൽഡ) | ലിററർ | 103.82 | 123.01 | 126.20 | 2.59 | 21.56 |
| 7 | സൂര്യകാന്തി ഓയിൽ | ലിററർ | 107.52 | 137.19 | 143.32 | 4.47 | 33.30 |
| 8 | പാം ഓയിൽ | ലിററർ | 93.45 | 116.33 | 118.94 | 2.25 | 27.28 |
| 9 | തേങ്ങ(തൊണ്ടില്ലാതെ) | 10 എണ്ണം | 202.91 | 228.05 | 223.43 | -2.03 | 10.11 |



## V.സുഗന്ധ വ്യഞ്ജനങ്ങൾ

അവലോകനമാസമായ ഫെബ്രുവരിയിൽ ഉള്ളിയുടെ വിലയിൽ വർദ്ധനവ് ദൃശ്യമായി വില ഏതാണ്ട് 130 രൂപ വരെ എത്തിയിട്ടുണ്ട്. നിലവിലുള്ള സാഹചര്യത്തിൽ ഈ വർദ്ധനവ് തുടരാൻ ഇടയില്ല മാർച്ചിൽ പുതിയ വിള വിപണിയിൽ എത്തുന്നതോടെ വിലയിൽ കാര്യമായ കുറവുണ്ടാവാൻ സാധ്യതയുണ്ട്. മുളകിന്റെ പുതിയ വിള മാർക്കറ്റിൽ എത്തിയതോടെ വിലയിൽ കുറവുണ്ടായിട്ടുണ്ട്.പ്രധാനപ്പെട്ട മുളക് ഉത്പാദക സംസ്ഥാനങ്ങളിൽ എല്ലാം മികച്ച തോതിലുള്ള ഉത്പാദനമാണ് ഉണ്ടായതെന്നാണ് ലഭിക്കുന്ന വിവരം. മാർച്ചിലും മുളകിന്റെ വിലയിൽ കുറവ് തുടരുമെന്നാണ് പ്രതീക്ഷിക്കുന്നത്.

കുരുമുളകിന്റെ വിലയിൽ മാസം മധ്യത്തോടെ നേരിയ തോതിലുള്ള വർദ്ധനവ് ഉണ്ടായിട്ടുണ്ട് .എങ്കിലും ഇറക്കുമതി കുരുമുളകിന്റെ സ്വാധീനം കാരണം കാര്യമായ വർദ്ധനവിന് സാധ്യത ഇല്ലെന്നാണ് വിപണിയിൽ നിന്നും ലഭിക്കുന്ന സൂചന.

വെളുത്തുള്ളിയുടെ വിലയിൽ നേരിയ വർദ്ധനവ് ഉണ്ടായെങ്കിലും മാസാവസാനം വില കുറയുവാനുള്ള പ്രവണത പ്രകടമായിരുന്നു.

| നം | ഇനങ്ങൾ | അളവ് | ഫെബ്രുവരി 2020 | ജനുവരി 2021 | ഫെബ്രുവരി 2021 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | സുഗന്ധവ്യഞ്ജനങ്ങൾ | | | | | | |
| 1 | മല്ലി | കിലോഗ്രാം | 100.04 | 98.50 | 97.38 | -1.14 | -2.66 |
| 2 | മുളക് | കിലോഗ്രാം | 208.88 | 187.91 | 179.94 | -4.24 | -13.85 |
| 3 | ഉള്ളി | കിലോഗ്രാം | 56.04 | 82.01 | 120.23 | 46.60 | 114.54 |
| 4 | പുളി (തോടില്ലാതെ) | കിലോഗ്രാം | 149.09 | 168.01 | 165.13 | -1.71 | 10.76 |
| 5 | ജീരകം | 100 ഗ്രാം | 30.02 | 29.73 | 29.64 | -0.30 | -1.27 |
| 6 | കടുക് | 100 ഗ്രാം | 9.50 | 10.31 | 10.50 | 1.84 | 10.53 |
| 7 | ഉലുവ | 100 ഗ്രാം | 10.04 | 10.57 | 10.54 | -0.28 | 4.98 |
| 8 | മഞ്ഞൾ പൊടി | 100 ഗ്രാം | 18.61 | 18.76 | 18.43 | -1.76 | -0.97 |
| 9 | വെളുത്തുള്ളി | 100 ഗ്രാം | 21.48 | 14.31 | 14.71 | 2.80 | -31.52 |
| 10 | കുരുമുളക്(നാടൻ) | കിലോഗ്രാം | 396.03 | 381.38 | 386.48 | 1.34 | -2.41 |



## VI. കിഴങ്ങു വർഗ്ഗങ്ങൾ

അവലോകനമാസമായ ഫെബ്രുവരിയിൽ കിഴങ്ങു വർഗ്ഗങ്ങളുടെ വിലയിൽ പൊതുവെ കുറവ് അനുഭവപ്പെട്ടു. ബീട്ടൂട്ടിന്റെ വിലയിൽ മാത്രമാണ് എടുത്തു പറയത്തക്ക വില വർദ്ധനവ് അനുഭവപ്പെട്ടത് 2020 ൽ ഏറ്റവും വിലക്കയറ്റം അനുഭവപ്പെട്ട ഇനങ്ങളിൽ ഒന്നായ ഉരുളക്കിഴങ്ങിന്റെ വിലയിൽ നിലവിൽ തുടർച്ചയായ കുറവ് അനുഭവപ്പെടുന്നുണ്ട്. പുതിയ വിളവ് വിപണിയിൽ എത്തിയതോടെയാണ് ഉരുളക്കിഴങ്ങിന്റെ വിലയിൽ കുറവ് അനുഭവപ്പെട്ടുതുടങ്ങിയത്. മാർച്ച് മാസത്തിലും ഈ കുറവ് തുടരുമെന്നാണ് പ്രതീക്ഷിക്കുന്നത്.കാരറ്റ് ,ചേമ്പ്,ചേന,മരച്ചീനി എന്നിവയുടെ വിലയിലും കുറവ് അനുഭവപ്പെട്ടു.അതെ സമയം ബീട്ടൂട്ടിന്റെ വിലയിൽ ഈ കാലയളവിൽ വർദ്ധനവുണ്ടായി .

| നം | ഇനങ്ങൾ | അളവ് | ഫെബ്രുവരി 2020 | ജനുവരി 2021 | ഫെബ്രുവരി 2021 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | കിഴങ്ങുവർഗ്ഗങ്ങൾ | | | | | | |
| 1 | ചേന | കിലോഗ്രാം | 29.55 | 29.59 | 28.86 | -2.47 | -2.34 |
| 2 | മരച്ചീനി(പച്ച) | കിലോഗ്രാം | 26.54 | 22.11 | 21.43 | -3.08 | -19.25 |
| 3 | ഉരുളക്കിഴങ്ങ് | കിലോഗ്രാം | 32.89 | 38.48 | 32.70 | -15.02 | -0.58 |
| 4 | ചേമ്പ് | കിലോഗ്രാം | 52.23 | 43.63 | 41.48 | -4.93 | -20.58 |
| 5 | ബീററ്റൂട്ട് | കിലോഗ്രാം | 31.34 | 36.91 | 42.52 | 15.20 | 35.67 |
| 6 | കാരററ് | കിലോഗ്രാം | 63.02 | 40.96 | 38.30 | -6.49 | -39.23 |



## VII.പച്ചക്കറി ഇനങ്ങൾ

ഏതാണ്ട് സമ്മിശ്രമായ ഒരു വില പ്രവണതയാണ് അവലോകനമാസമായ ഫെബ്രുവരിയിൽ പച്ചക്കറി ഇനങ്ങളിൽ ദൃശ്യമായത്. സവാള,തക്കാളി, കുമ്പളങ്ങ,പാവയ്ക്ക എന്നിവയുടെ വിലയിൽ എടുത്തുപറയത്തക്ക വർദ്ധനവുണ്ടായപ്പോൾ കാബേജിന്റെ വിലയിൽ കാര്യമായ കുറവുണ്ടായി.

സവാളയുടെ വിലയിൽ മാസാദ്യം തന്നെ നേരിയ തോതിലുള്ള വർദ്ധനവ് ദൃശ്യമായിരുന്നു പിന്നീട് നേരിയ ചാഞ്ചാട്ടത്തോടെ വില ഏതാണ്ട് 55 രൂപ വരെ എത്തുകയും ചെയ്തു. മാസാവസാനത്തോടെ വിലയിൽ കുറവുണ്ടായി തുടങ്ങിയിട്ടുണ്ട്.മാർച്ചിൽ റാബി സീസണിലെ പുതിയ വിളവ് വിപണിയിൽ എത്തുന്നതോടെ വിലയിൽ കാര്യമായ കുറവ് ഉണ്ടാവും .

തക്കാളിയുടെ വിലയിലും മാസം മധ്യത്തോടെ വർദ്ധനവ് ഉണ്ടായെങ്കിലും അവസാന ആഴ്ചയിൽ വിലയിൽ കാര്യമായ കുറവുണ്ടായി മാർച്ച് മാസത്തിലും വർദ്ധനവിന് സാധ്യത ഇല്ലെന്നാണ് വിപണിയിൽ നിന്നും ലഭിക്കുന്ന സൂചന.

കഴിഞ്ഞ മാസങ്ങളിൽ കാര്യമായ വിലത്തകർച്ച ഉണ്ടായ ഏത്തക്കായയുടെ വിലയിൽ വർദ്ധനവിനുള്ള പ്രവണത പ്രകടമാണ് മാർച്ചിലും നേരിയ തോതിലുള്ള വർദ്ധനവ് ഉണ്ടാവുമെന്നാണ് നിലവിൽ ലഭിക്കുന്ന സൂചന

| നം | ഇനങ്ങൾ | അളവ് | ഫെബ്രുവരി 2020 | ജനുവരി 2021 | ഫെബ്രുവരി 2021 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | പച്ചക്കറി ഇനങ്ങൾ | | | | | | |
| 1 | സവാള | കിലോഗ്രാം | 34.48 | 42.31 | 53.59 | 26.66 | 55.42 |
| 2 | വഴുതന | കിലോഗ്രാം | 35.04 | 36.24 | 36.23 | -0.03 | 3.40 |
| 3 | മത്തങ്ങ | കിലോഗ്രാം | 22.71 | 21.01 | 21.02 | 0.05 | -7.44 |
| 4 | വെള്ളരിക്ക | കിലോഗ്രാം | 19.75 | 31.19 | 30.13 | -3.40 | 52.56 |
| 5 | വെണ്ടക്ക | കിലോഗ്രാം | 32.18 | 57.87 | 59.73 | 3.21 | 85.61 |
| 6 | ബീൻസ്(ഇംഗ്ലീഷ്) | കിലോഗ്രാം | 40.93 | 56.00 | 53.18 | -5.04 | 29.93 |
| 7 | വള്ളിപ്പയർ | കിലോഗ്രാം | 38.93 | 55.31 | 54.45 | -1.55 | 39.87 |
| 8 | കാബേജ് | കിലോഗ്രാം | 27.14 | 29.89 | 26.71 | -10.64 | -1.58 |
| 9 | പാവയ്ക്ക | കിലോഗ്രാം | 41.93 | 44.48 | 49.61 | 11.53 | 18.32 |
| 10 | കുമ്പളങ്ങ | കിലോഗ്രാം | 23.66 | 20.94 | 26.71 | 27.55 | 12.89 |
| 11 | പടവലങ്ങ | കിലോഗ്രാം | 28.73 | 36.35 | 38.71 | 6.49 | 34.74 |
| 12 | തക്കാളി | കിലോഗ്രാം | 22.95 | 26.18 | 31.68 | 21.01 | 38.04 |
| 13 | പച്ചമുളക് | 100 ഗ്രാം | 4.59 | 5.42 | 5.48 | 1.11 | 19.39 |
| 14 | ഏത്തയ്ക്ക(പച്ച) | കിലോഗ്രാം | 27.77 | 27.58 | 29.98 | 8.70 | 7.96 |
| 15 | വാഴയ്ക്ക(പച്ച) | കിലോഗ്രാം | 35.52 | 28.86 | 29.04 | 0.62 | -18.24 |



## VIII. പഴവർഗ്ഗങ്ങൾ

അവലോകനമാസമായ ഫെബ്രുവരിയിൽ പച്ചക്കറികളുടെ വിലയിലെപോലെതന്നെ ഏതാണ്ട് സമ്മിശ്രമായ പ്രവണതയാണ് പഴവർഗ്ഗങ്ങളും വിലയിലും ദൃശ്യമായത് ഓറഞ്ചിന്റെ വിലയിൽ വർദ്ധനവുണ്ടായി. മാർച്ചിലും നേരിയ വർദ്ധനവ് തുടരാൻ ഇടയുണ്ട്.

കഴിഞ്ഞ ഏതാനും മാസങ്ങളായി വിലക്കുറവ് അനുഭവപ്പെട്ടിരുന്ന ഏത്തപ്പഴത്തിന്റെ വിലയിൽ വർദ്ധനവിനുള്ള പ്രവണത പ്രകടമായിരുന്നു. മാർച്ച് മാസത്തിലും നേരിയ വർദ്ധനവ് തുടരാൻ ഇടയുണ്ടെന്നാണ് നിലവിലുള്ള വിപണി സൂചനകൾ ,മാതളത്തിന്റെ വില ഇപ്പോഴും ഉയർന്ന നിലയിൽ തന്നെ നിൽക്കുകയാണ് മാർച്ച് മാസത്തിലും കാര്യമായ മാറ്റം പ്രതീക്ഷിക്കുന്നില്ല,

മാങ്ങയുടെ സീസൺ ആരംഭിച്ചതോടെ വിപണിയിൽ മാങ്ങയുടെ വിലയിൽ കുറവുണ്ടായിത്തുടങ്ങിയിട്ടുണ്ട്. വരും മാസങ്ങളിലും വിപണിയിൽ ലഭ്യതയും വിലക്കുറവും പ്രകടമായിരിക്കും.

| നം | ഇനങ്ങൾ | അളവ് | ഫെബ്രുവരി 2020 | ജനുവരി 2021 | ഫെബ്രുവരി 2021 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | പഴവർഗ്ഗങ്ങൾ | | | | | | |
| 1 | ഓറഞ്ച്(സിട്രസ്) | കിലോഗ്രാം | **60.63** | **53.42** | **71.81** | **34.43** | **18.44** |
| 2 | മുസമ്പി | കിലോഗ്രാം | **62.60** | **74.31** | **73.33** | **-1.32** | **17.14** |
| 3 | മാതളം | കിലോഗ്രാം | **111.67** | **198.42** | **200.31** | **0.95** | **79.38** |
| 4 | ആപ്പിൾ(ഷിംല) | കിലോഗ്രാം | **135.76** | **143.61** | **143.00** | **-0.42** | **5.33** |
| 5 | ഏത്തപ്പഴം | കിലോഗ്രാം | **39.89** | **34.78** | **38.25** | **9.98** | **-4.11** |
| 6 | വാഴപ്പഴംപാളയംതോടൻ | കിലോഗ്രാം | **30.82** | **28.01** | **28.42** | **1.46** | **-7.79** |
| 7 | വാഴപ്പഴം രസകദളി | കിലോഗ്രാം | **51.77** | **48.77** | **43.48** | **-10.85** | **-16.01** |
| 8 | വാഴപ്പഴം പൂവൻ | കിലോഗ്രാം | **49.75** | **47.97** | **47.08** | **-1.86** | **-5.37** |
| 9 | വാഴപ്പഴം റോബസ്റ്റ | കിലോഗ്രാം | **30.29** | **27.15** | **27.27** | **0.44** | **-9.97** |
| 10 | മാങ്ങ(നീലം) | കിലോഗ്രാം | **100.00** | **129.38** | **108.33** | **-16.27** | **8.33** |
| 11 | തണ്ണിമത്തൻ(കിരൺ) | കിലോഗ്രാം | **21.29** | **17.57** | **21.73** | **23.68** | **2.07** |
| 12 | മുന്തിരി പച്ച കുരുവുള്ളത് | കിലോഗ്രാം | **75.00** | **98.00** | **98.33** | **0.34** | **31.11** |
| 13 | മുന്തിരി കറുപ്പ് കുരുവുള്ളത് | കിലോഗ്രാം | **56.88** | **69.30** | **65.00** | **-6.20** | **14.28** |



## IX. ഭക്ഷ്യേതര വസ്തുക്കൾ

സ്റ്റീലിന്റെ വിലയിൽ ഡിസംബർ-ജനുവരി മാസങ്ങളിൽ ഉണ്ടായ വർദ്ധനവിൽ നേരിയ തോതിലുള്ള കുറവുണ്ടായിട്ടുണ്ട്. എന്നാൽ കാര്യമായ ഒരു കുറവ് ദൃശ്യമല്ല.അന്തരാഷ്ട്ര മാർക്കറ്റിൽ സ്റ്റീലിന്റെ വിലയിൽ കുറവുണ്ടായിട്ടുണ്ടെന്നാണ് ലഭിക്കുന്ന റിപ്പോർട്ടുകൾ അതോടൊപ്പം തന്നെ ഇരുമ്പ് ആയിരിന്റെ വിലയിലും കുറവ് വന്നു തുടങ്ങിയിട്ടുണ്ട്. ഇത് സമീപ ഭാവിയിൽ തന്നെ ഇന്ത്യയിൽ സ്റ്റീലിന്റെ വിലക്കുറവിലേക്ക് നയിക്കാൻ ഇടയുണ്ടെന്നാണ് വിപണിയിൽ നിന്നും ലഭിക്കുന്ന സൂചന .സിമന്റിന്റെ വിലയിലും കാര്യമായ മാറ്റമില്ലാതെ നിലനിൽക്കുകയാണ്. മാർച്ചിലും ഏതാണ്ട് ഇതേ നില തുടരാനാണ് സാധ്യത എന്നാണ് വിപണിയിൽ നിന്നും ലഭിക്കുന്ന സൂചനകൾ.

| നം | ഇനങ്ങൾ | അളവ് | ഫെബ്രുവരി 2020 | ജനുവരി 2021 | ഫെബ്രുവരി 2021 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | ഭക്ഷ്യേതര വസ്തുക്കൾ | | | | | | |
| 1 | വാഷിങ്ങ് സോപ്പ്(സൺലൈററ്) | 1/2 ബാർ | 20.00 | 21.29 | 21.29 | 0.00 | 6.45 |
| 2 | ടോയിലററ് സോപ്പ്(ലക്സ്) | ഒന്ന്(100 ഗ്രാം) | 23.71 | 25.51 | 25.73 | 0.86 | 8.52 |
| 3 | വിറക് നാടൻ) | ക്വിന്റൽ | 491.67 | 516.00 | 513.00 | -0.58 | 4.34 |
| 4 | സിമന്റ് ശങ്കർ(പേപ്പർ ബാഗ്) | ഒന്ന് | 389.59 | 423.46 | 412.25 | -2.65 | 5.82 |
| 5 | സിമന്റ് ശങ്കർ(പോളി ബാഗ്) | ഒന്ന് | 382.10 | 419.43 | 407.57 | -2.83 | 6.67 |
| 6 | സ്റ്റീൽ(8 മി. മീ) | കിലോഗ്രാം | 50.30 | 63.88 | 61.49 | -3.74 | 22.25 |



## അനുബന്ധം

| സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് | | | | | | | |
|---|---|---|---|---|---|---|---|
| നം | ഇനങ്ങൾ | അളവ് | ഫെബ്രുവരി 2020 | ജനുവരി 2021 | ഫെബ്രുവരി 2021 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
| | ധാന്യങ്ങൾ | | | | | | |
| 1 | അരി(ചുവപ്പ്) മട്ട | കിലോഗ്രാം | 40.79 | 36.86 | 36.80 | -0.16 | -9.78 |
| 2 | ചമ്പ | കിലോഗ്രാം | 39.50 | 40.00 | 40.00 | 0.00 | 1.27 |
| 3 | റോസ് | കിലോഗ്രാം | 41.93 | 39.26 | 39.22 | -0.10 | -6.46 |
| 4 | ആന്ധ്ര വെള്ള | കിലോഗ്രാം | 37.31 | 35.78 | 35.88 | 0.28 | -3.83 |
| 5 | ജയ | കിലോഗ്രാം | 38.18 | 37.67 | 37.63 | -0.11 | -1.44 |
| 6 | ഗോതമ്പ് | കിലോഗ്രാം | 36.60 | 35.25 | 35.15 | -0.28 | -3.96 |
| | പയർ വർഗ്ഗങ്ങൾ | | | | | | |
| 1 | ചെറുപയർ | കിലോഗ്രാം | 105.91 | 112.88 | 113.89 | 0.89 | 7.53 |
| 2 | ചെറുപയർ പരിപ്പ് | കിലോഗ്രാം | 113.29 | 118.36 | 119.30 | 0.79 | 5.30 |
| 3 | ഉഴുന്നു പരിപ്പ് | കിലോഗ്രാം | 125.85 | 124.56 | 125.05 | 0.39 | -0.64 |
| 4 | ഉഴുന്നു (തോടില്ലാതെ) | കിലോഗ്രാം | 119.59 | 122.51 | 122.98 | 0.38 | 2.83 |
| 5 | വൻപയർ | കിലോഗ്രാം | 77.25 | 78.69 | 81.55 | 3.63 | 5.57 |
| 6 | തുവരപരിപ്പ് | കിലോഗ്രാം | 98.25 | 111.10 | 112.11 | 0.91 | 14.11 |
| 7 | കടല(വലുത്) | കിലോഗ്രാം | 78.45 | 81.83 | 80.63 | -1.47 | 2.78 |
| 8 | കടല(ചെറുത്) | കിലോഗ്രാം | 71.53 | 71.06 | 70.20 | -1.21 | -1.86 |
| 9 | പീസ് പരിപ്പ് | കിലോഗ്രാം | 76.29 | 86.18 | 85.89 | -0.34 | 12.58 |
| 10 | മസൂർ പരിപ്പ് | കിലോഗ്രാം | 74.52 | 86.52 | 86.52 | 0.00 | 16.10 |
| | മററ് ഭക്ഷ്യവസ്തുക്കൾ | | | | | | |
| 1 | പഞ്ചസാര | കിലോഗ്രാം | 38.75 | 37.64 | 37.38 | -0.69 | -3.54 |
| 2 | കരുപ്പെട്ടി | കിലോഗ്രാം | 167.79 | 170.42 | 172.48 | 1.21 | 2.80 |
| 3 | ശർക്കര | കിലോഗ്രാം | 55.95 | 55.66 | 53.77 | -3.40 | -3.90 |
| 4 | കോഴിമുട്ട(വൈററ് ലഗോൺ) | ഡസൺ | 55.13 | 60.55 | 58.30 | -3.72 | 5.75 |
| 5 | ആട്ടിറച്ചി(എല്ലോടുകൂടിയത്) | കിലോഗ്രാം | 594.76 | 653.64 | 653.93 | 0.04 | 9.95 |
| 6 | കോഴി(ബ്റോയിലെർ)(ജീവനുള്ളത്) | കിലോഗ്രാം | 93.31 | 104.45 | 106.92 | 2.36 | 14.59 |
| 7 | തേയില(കണ്ണൻ ദേവൻ) | 500 ഗ്രാം | 148.29 | 152.54 | 154.25 | 1.12 | 4.02 |
| 8 | കാപ്പിപൊടി(ബ്രൂക്ക്ബോണ്ട്) | 500 ഗ്രാം | 164.00 | 163.75 | 163.94 | 0.12 | -0.04 |
| | ഏണ്ണയും എണ്ണക്കുരുക്കളും | | | | | | |
| 1 | വെളിച്ചെണ്ണ(ലൂസ്) | കിലോഗ്രാം | 189.41 | 223.80 | 225.50 | 0.76 | 19.05 |
| 2 | കടല എണ്ണ(ലൂസ്) | ലിററർ | 155.50 | 174.00 | 176.40 | 1.38 | 13.44 |
| 3 | റിഫൈൻഡ് ഓയിൽ | ലിററർ | 107.08 | 134.90 | 139.50 | 3.41 | 30.28 |
| 4 | നല്ലെണ്ണ | ലിററർ | 205.11 | 188.97 | 188.73 | -0.13 | -7.99 |
| 5 | കടുക് എണ്ണ | ലിററർ | 140.50 | 151.00 | 154.69 | 2.44 | 10.10 |
| 6 | വനസ്പതി(ഡാൽഡ) | ലിററർ | 103.82 | 123.01 | 126.20 | 2.59 | 21.56 |
| 7 | സൂര്യകാന്തി ഓയിൽ | ലിററർ | 107.52 | 137.19 | 143.32 | 4.47 | 33.30 |
| 8 | പാം ഓയിൽ | ലിററർ | 93.45 | 116.33 | 118.94 | 2.25 | 27.28 |
| 9 | തേങ്ങ(തൊണ്ടില്ലാതെ) | 10 എണ്ണം | 202.91 | 228.05 | 223.43 | -2.03 | 10.11 |

| നം | ഇനങ്ങൾ | അളവ് | ഫെബ്രുവരി 2020 | ജനുവരി 2021 | ഫെബ്രുവരി 2021 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | സുഗന്ധവ്യഞ്ജനങ്ങൾ | | | | | | |
| | | | | | | | |
| 1 | മല്ലി | കിലോഗ്രാം | 100.04 | 98.50 | 97.38 | -1.14 | -2.66 |
| 2 | മുളക് | കിലോഗ്രാം | 208.88 | 187.91 | 179.94 | -4.24 | -13.85 |
| 3 | ഉള്ളി | കിലോഗ്രാം | 56.04 | 82.01 | 120.23 | 46.60 | 114.54 |
| 4 | പുളി (തോടില്ലാതെ) | കിലോഗ്രാം | 149.09 | 168.01 | 165.13 | -1.71 | 10.76 |
| 5 | ജീരകം | 100 ഗ്രാം | 30.02 | 29.73 | 29.64 | -0.30 | -1.27 |
| 6 | കടുക് | 100 ഗ്രാം | 9.50 | 10.31 | 10.50 | 1.84 | 10.53 |
| 7 | ഉലുവ | 100 ഗ്രാം | 10.04 | 10.57 | 10.54 | -0.28 | 4.98 |
| 8 | മഞ്ഞൽ പൊടി | 100 ഗ്രാം | 18.61 | 18.76 | 18.43 | -1.76 | -0.97 |
| 9 | വെളുത്തുള്ളി | 100 ഗ്രാം | 21.48 | 14.31 | 14.71 | 2.80 | -31.52 |
| 10 | കുരുമുളക്(നാടൻ) | കിലോഗ്രാം | 396.03 | 381.38 | 386.48 | 1.34 | -2.41 |
| | കിഴങ്ങുവർഗ്ഗങ്ങൾ | | | | | | |
| 1 | ചേന | കിലോഗ്രാം | 29.55 | 29.59 | 28.86 | -2.47 | -2.34 |
| 2 | മരച്ചീനി(പച്ച) | കിലോഗ്രാം | 26.54 | 22.11 | 21.43 | -3.08 | -19.25 |
| 3 | ഉരുളക്കിഴങ്ങ് | കിലോഗ്രാം | 32.89 | 38.48 | 32.70 | -15.02 | -0.58 |
| 4 | ചേമ്പ് | കിലോഗ്രാം | 52.23 | 43.63 | 41.48 | -4.93 | -20.58 |
| 5 | ബീററൂട്ട് | കിലോഗ്രാം | 31.34 | 36.91 | 42.52 | 15.20 | 35.67 |
| 6 | കാരററ് | കിലോഗ്രാം | 63.02 | 40.96 | 38.30 | -6.49 | -39.23 |
| | | | | | | | |
| | പച്ചക്കറി ഇനങ്ങൾ | | | | | | |
| 1 | സവാള | കിലോഗ്രാം | 34.48 | 42.31 | 53.59 | 26.66 | 55.42 |
| 2 | വഴുതന | കിലോഗ്രാം | 35.04 | 36.24 | 36.23 | -0.03 | 3.40 |
| 3 | മത്തങ്ങ | കിലോഗ്രാം | 22.71 | 21.01 | 21.02 | 0.05 | -7.44 |
| 4 | വെള്ളരിക്ക | കിലോഗ്രാം | 19.75 | 31.19 | 30.13 | -3.40 | 52.56 |
| 5 | വെണ്ടക്ക | കിലോഗ്രാം | 32.18 | 57.87 | 59.73 | 3.21 | 85.61 |
| 6 | ബീൻസ്(ഇംഗ്ലീഷ്) | കിലോഗ്രാം | 40.93 | 56.00 | 53.18 | -5.04 | 29.93 |
| 7 | വള്ളിപയർ | കിലോഗ്രാം | 38.93 | 55.31 | 54.45 | -1.55 | 39.87 |
| 8 | കാബേജ് | കിലോഗ്രാം | 27.14 | 29.89 | 26.71 | -10.64 | -1.58 |
| 9 | പാവയ്ക്ക | കിലോഗ്രാം | 41.93 | 44.48 | 49.61 | 11.53 | 18.32 |
| 10 | കുമ്പളങ്ങ | കിലോഗ്രാം | 23.66 | 20.94 | 26.71 | 27.55 | 12.89 |
| 11 | പടവലങ്ങ | കിലോഗ്രാം | 28.73 | 36.35 | 38.71 | 6.49 | 34.74 |
| 12 | തക്കാളി | കിലോഗ്രാം | 22.95 | 26.18 | 31.68 | 21.01 | 38.04 |
| 13 | പച്ചമുളക് | 100 ഗ്രാം | 4.59 | 5.42 | 5.48 | 1.11 | 19.39 |
| 14 | ഏത്തയ്ക്ക(പച്ച) | കിലോഗ്രാം | 27.77 | 27.58 | 29.98 | 8.70 | 7.96 |
| 15 | വാഴയ്ക്ക(പച്ച) | കിലോഗ്രാം | 35.52 | 28.86 | 29.04 | 0.62 | -18.24 |

| നം | ഇനങ്ങൾ | അളവ് | ഫെബ്രുവരി 2020 | ജനുവരി 2021 | ഫെബ്രുവരി 2021 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | പഴവർഗ്ഗങ്ങൾ | | | | | | |
| 1 | ഓറഞ്ച്( നാഗ്പൂർ) | കിലോഗ്രാം | **60.63** | **53.42** | **71.81** | **34.43** | **18.44** |
| 2 | മുസമ്പി | കിലോഗ്രാം | **62.60** | **74.31** | **73.33** | **-1.32** | **17.14** |
| 3 | മാതളം | കിലോഗ്രാം | **111.67** | **198.42** | **200.31** | **0.95** | **79.38** |
| 4 | ആപ്പിൾ(ഷിംല) | കിലോഗ്രാം | **135.76** | **143.61** | **143.00** | **-0.42** | **5.33** |
| 5 | ഏത്തപ്പഴം | കിലോഗ്രാം | **39.89** | **34.78** | **38.25** | **9.98** | **-4.11** |
| 6 | വാഴപ്പഴംപാളയംതോടൻ | കിലോഗ്രാം | **30.82** | **28.01** | **28.42** | **1.46** | **-7.79** |
| 7 | വാഴപ്പഴം രസകദളി/ | കിലോഗ്രാം | **51.77** | **48.77** | **43.48** | **-10.85** | **-16.01** |
| 8 | വാഴപ്പഴം പൂവൻ | കിലോഗ്രാം | **49.75** | **47.97** | **47.08** | **-1.86** | **-5.37** |
| 9 | വാഴപ്പഴം റോബസ്റ്റ | കിലോഗ്രാം | **30.29** | **27.15** | **27.27** | **0.44** | **-9.97** |
| 10 | മാങ്ങ(നീലം) | കിലോഗ്രാം | **100.00** | **129.38** | **108.33** | **-16.27** | **8.33** |
| 11 | തണ്ണിമത്തൻ | കിലോഗ്രാം | **21.29** | **17.57** | **21.73** | **23.68** | **2.07** |
| 12 | മുന്തിരി പച്ച കുരുവുള്ളത് | കിലോഗ്രാം | **75.00** | **98.00** | **98.33** | **0.34** | **31.11** |
| 13 | മുന്തിരി കറുപ്പ് കുരുവുള്ളത് | കിലോഗ്രാം | **56.88** | **69.30** | **65.00** | **-6.20** | **14.28** |
| | ഭക്ഷ്യേതര വസ്തുക്കൾ | | | | | | |
| 1 | വാഷിങ്ങ് സോപ്പ്(സൺലൈററ്) | 1/2 ബാർ | **20.00** | **21.29** | **21.29** | **0.00** | **6.45** |
| 2 | ടോയിലററ് സോപ്പ്(ലക്സ്) | ഒന്ന്(100 ഗ്രാം) | **23.71** | **25.51** | **25.73** | **0.86** | **8.52** |
| 3 | വിറക് നാടൻ) | ക്വിന്റൽ | **491.67** | **516.00** | **513.00** | **-0.58** | **4.34** |
| 4 | സിമന്റ് ശങ്കർ(പേപ്പർ ബാഗ്) | ഒന്ന് | **389.59** | **423.46** | **412.25** | **-2.65** | **5.82** |
| 5 | സിമന്റ് ശങ്കർ(പോളി ബാഗ്) | ഒന്ന് | **382.10** | **419.43** | **407.57** | **-2.83** | **6.67** |
| 6 | സ്റ്റീൽ(8 മി. മീ) | കിലോഗ്രാം | **50.30** | **63.88** | **61.49** | **-3.74** | **22.25** |